# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:31.12.2025**

### പ്രധാനവാർത്തകൾ

1. **ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ ഉൾക്കൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 93ാമത് ശിവഗിരി തീർഥാടന മഹാസമ്മേളനം മുഖ്യമന്ത്രി വർക്കലയിൽ ഉദ്ഘാടനം ചെയ്തു.**

2. **2026 നെ വരവേൽക്കാനൊരുങ്ങി ലോകം. പുതുവത്സരാഘോഷങ്ങളോട് അനുബന്ധിച്ച് സംസ്ഥാനത്ത് കർശന സുരക്ഷാ - ഗതാഗത നിയന്ത്രണങ്ങൾ.**

3. **സംസ്ഥാനത്ത് ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കാൻ ആരോഗ്യവകുപ്പിന്റെ ആരോഗ്യം ആനന്ദം - വൈബ് ഫോർ വെൽനസ്സ് ജനകീയ ക്യാമ്പയിന് നാളെ തുടക്കമാകും.**

4. **മകരവിളക്ക് മഹോത്സവത്തിനൊരുങ്ങി ശബരിമല സന്നിധാനം. ഇന്ന് വൈകുണ്ഠ ഏകാദശി ; ശ്രീപത്മനാഭ സ്വാമി ക്ഷേത്രം, ഗുരുവായൂർ എന്നിവിടങ്ങളിൽ ഭക്തജനത്തിരക്ക്.**

RNU/TVPM

5. **2026 മാർച്ച് 3 ന് നടത്താൻ നിശ്ചയിച്ചിരുന്ന സി.ബി.എസ്.ഇ 10, 12 ക്ലാസുകളിലെ പരീക്ഷകളുടെ പുതുക്കിയ തീയതികൾ പ്രഖ്യാപിച്ച് സി.ബി.എസ്.ഇ.**

6. **ദോഹയിൽ നടന്ന FIDE വേൾഡ് ബ്ലിറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ അർജുൻ എറിഗൈസിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി..**

❁❁❁❁❁❁❁❁❁❁❁❁❁

**രാഷ്ട്രപതി**

രാഷ്ട്രപതി ദ്രൗപദി മുർമു നാളെ സ്കില്ലിങ് ഫോർ എഐ റെഡിനസ് പദ്ധതിക്ക് കീഴിൽ സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടിയിൽ പങ്കെടുക്കും. ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിലാണ് ചടങ്ങ്. #SkillTheNation Challenge എന്ന ദേശീയ ബോധവൽക്കരണ യജ്ഞവും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പരിഷ്കാരങ്ങളുടെ വർഷം**

ലോക വേദിയിൽ ഇന്ത്യയുടെ ഉയർച്ചയിലെ ഒരു നിർണായക അധ്യായമായിരുന്നു 2025. ഇന്ത്യയുടെ ഉത്പാദന മേഖലയിലെ കുതിപ്പിനെ കുറിച്ചാണ് 'പരിഷ്കാരങ്ങളുടെ വർഷം' എന്ന പ്രത്യേക

പരമ്പരയിൽ ഇന്ന്. വ്യാവസായിക, സാമ്പത്തിക വികസനത്തിൽ 7.8 ശതമാനം വളർച്ച പ്രതീക്ഷിക്കുന്ന നിലയിലേക്ക് രാജ്യം ഉയർന്നു. ജിഎസ്ടി 2.0 അവതരിപ്പിച്ചതിന് ശേഷം നിർമ്മാണ ചെലവ് കുറഞ്ഞത് ഉത്പാദന മേഖലയ്ക്ക് ഗുണകരമായതായാണ് വിലയിരുത്തൽ.

## കരട് വോട്ടർ പട്ടിക

ഉത്തർപ്രദേശിൽ വോട്ടർ പട്ടിക പ്രത്യേക തീവ്ര പരിഷ്കരണത്തിനുള്ള സമയക്രമം പരിഷ്കരിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കരട് വോട്ടർ പട്ടിക ജനുവരി 6 ന് പ്രസിദ്ധീകരിക്കും. പരാതികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ഫെബ്രുവരി 6 വരെ നീട്ടി. അതേസമയം, കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികൾ ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

RNUTVPM

## ശിവഗിരി മുഖ്യമന്ത്രി(ഇൻട്രോ)

ജാതി-മത ചിന്തകൾക്കതീതമായി മനുഷ്യത്വത്തെയും, സാഹോദര്യത്തെയും ലോകത്തിനു കാട്ടിക്കൊടുത്ത യഥാർത്ഥ വിശ്വഗുരു ആണ് ശ്രീനാരായണ ഗുരുവെന്ന്

മുഖ്യമന്ത്രി പിണറായി വിജയൻ. 93ാമത് ശിവഗിരി തീർഥാടനത്തോട് അനുബന്ധിച്ചുള്ള മഹാസമ്മേളനം മുഖ്യമന്ത്രി വർക്കലയിൽ ഉദ്ഘാടനം ചെയ്തു. ചാതുർവർണ്ണ്യ വ്യവസ്ഥ തകർക്കുക എന്ന സന്ദേശമാണ് അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ഗുരു പകർന്ന് നൽകിയതെന്ന് അദ്ദേഹം പറഞ്ഞു. ഗുരുവിന്റെ ദർശനങ്ങൾ ഉൾക്കൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

**( വോയിസ്....)**

❁❁❁❁❁❁❁❁❁❁❁❁❁

RNTVPM

## വെൽനസ്സ്-കേരള

സംസ്ഥാനത്ത് ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കാൻ ആരോഗ്യവകുപ്പിന്റെ ആരോഗ്യം ആനന്ദം - വൈബ് ഫോർ വെൽനസ്സ്' ജനകീയ ക്യാമ്പയിന് നാളെ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ക്യാമ്പയിനിന്റെ ഭാഗമായി കാസർഗോഡ് നിന്ന് ഡിസംബർ 26ന് ആരംഭിച്ച് വിവിധ ജില്ലകളിലൂടെ സഞ്ചരിച്ച് തിരുവനന്തപുരത്ത് എത്തുന്ന വിളമ്പര ജാഥയുടെ സമാപനവും ഇതോടൊപ്പം നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## സി എം-റിസർച്ചർ സ്കോളർഷിപ്പ്

സംസ്ഥാന സർവകലാശാലകളിലെ സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്കായുള്ള സിഎം റിസർച്ചർ സ്കോളർഷിപ്പ് വിതരണം ഇന്ന് നടക്കും. തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നടക്കുന്ന പരിപാടി മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

**പുതുവർഷം ( ഇൻട്രോ )**

2026 നെ വരവേൽക്കാനൊരുങ്ങി ലോകം. സംസ്ഥാനത്ത് ഏറ്റവും വലിയ പുതുവത്സരാഘോഷം നടക്കുന്ന ഫോർട്ട് കൊച്ചിയിൽ ഉൾപ്പെടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. പുതുവത്സര ആഘോഷം പ്രമാണിച്ച് താമരശ്ശേരി ചുരത്തിലും കർശന നിയന്ത്രണം ഏർപ്പെടുത്തും. ചുരത്തിലെ കടകൾ വൈകിട്ട് ഏഴുമണിക്ക് അടക്കണമെന്നാവശ്യപ്പെട്ട് പോലീസ് നോട്ടീസ് നൽകിയിട്ടുണ്ട്.
വിശദാംശങ്ങളിലേക്ക്....
( വോയിസ്....)

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പുതുവർഷം(വോയിസ്)**

പുതുവത്സരാഘോഷത്തോട് അനുബന്ധിച്ച് കോവളം, ഫോർട്ട് കൊച്ചി, കോഴിക്കോട് ബീച്ച് ഉൾപ്പെടെ പ്രധാന കേന്ദ്രങ്ങളിൽ സുരക്ഷ ശക്തമാക്കി. കൊച്ചി കാർണിവലിന്

എത്തുന്നവർ സുരക്ഷാക്രമീകരണങ്ങൾ കൃത്യമായി പാലിക്കണമെന്ന് കോർപ്പറേഷൻ മേയർ വി.കെ മിനിമോൾ പറഞ്ഞു. ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട് ആണ് കൊച്ചിൻ കാർണിവലിൻ്റെ പ്രധാന വേദി. 1200 പോലീസ് സേനാംഗങ്ങളെ സുരക്ഷക്കായി വിന്യസിച്ചിട്ടുണ്ട്. പരേഡ് ഗ്രൗണ്ട്, വെളി ഗ്രൗണ്ട് പരിസരത്ത് പാർക്കിംഗ് നിരോധിക്കും. ഇന്ന് ഉച്ചക്ക് രണ്ടിന് ശേഷം ഈ ഭാഗങ്ങളിലേക്ക് വാഹനങ്ങൾ കടത്തിവിടില്ല. വൈപ്പിൻ ഭാഗത്തു നിന്നും റോറോ ജങ്കാർ വഴി ഫോർട്ട് കൊച്ചിയിലേക്ക് വാഹനങ്ങൾ വൈകിട്ട് നാല് വരെയും ആളുകളെ ഏഴ് വരെയും മാത്രമേ കടത്തിവിടുകയുള്ളൂ. തിരക്ക് കണക്കിലെടുത്ത് ബസുകൾ പുലർച്ചെ മൂന്നു വരെയും മെട്രോ റെയിൽ പുലർച്ചെ രണ്ട് വരെയും വാട്ടർ മെട്രോ പുലർച്ചെ നാലുവരെയും സർവീസ് നടത്തും. തിരുവനന്തപുരം നഗരത്തിലും വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ആവശ്യഘട്ടങ്ങളിൽ പോലീസിൻ്റേ സേവനത്തിനായി 112 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. പാർക്ക് ചെയ്ത ശേഷം പുതുവത്സരാഘോഷ പരിപാടി കാണാൻ പോകുന്നവർ വാഹനത്തിൽ ഫോൺ നമ്പർ പ്രദർശിപ്പിക്കണമെന്ന് പോലീസ് അറിയിച്ചു. മൂന്നാർ ഉൾപ്പടെയുള്ള പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സഞ്ചാരികളുടെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. പോയ വർഷത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ രാജ്യത്തൊട്ടാകെ ഒട്ടേറെ നേട്ടങ്ങളും ചില നഷ്ടങ്ങളുടെയും

RNU TVPM

വർഷമായിരുന്നു. സന്തോഷവും സമാധാനവും സമൃദ്ധിയും നിറഞ്ഞ ഒരു പുതുവർഷത്തെ വരവേൽക്കാൻ ജനങ്ങളാകെ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. ന്യൂസ്ഡെസ്ക് ആകാശവാണി......

## സിബിഎസ് സി

2026 മാർച്ച് 3 ന് നടത്താൻ നിശ്ചയിച്ചിരുന്ന സി.ബി.എസ്.ഇ 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകളിൽ മാറ്റം. മാർച്ച് 3-ലെ പത്താം ക്ലാസ് പരീക്ഷ മാർച്ച് 11 ലേക്കും, പന്ത്രണ്ടാം ക്ലാസ് പരീക്ഷ ഏപ്രിൽ 10 ലേക്കുമാണ് മാറ്റിയത്. ഭരണപരമായ കാരണങ്ങളാലാണ് തീയതികൾ പുനഃക്രമീകരിച്ചതെന്ന് ബോർഡ് അറിയിച്ചു. സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷകൾ 2026 ഫെബ്രുവരി 17- ന് ആരംഭിച്ച് മാർച്ച് പത്ത് വരെയും 12-ാം ക്ലാസ് പരീക്ഷകൾ ഫെബ്രുവരി 17 മുതൽ ഏപ്രിൽ ഒൻപത് വരെയുമാണ് നടക്കുന്നത്.

## അനൗൺസ്മെൻറ്

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ 2026 ജനുവരി ഒന്ന് മുതൽ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ

RNUTVPM

പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. നാളെ ഉച്ചയ്ക്ക് 1.45 ന് ആത്മനിർഭർ ഭാരത് എന്ന വിഷയത്തിൽ പ്രശസ്ത സാമ്പത്തിക വിദഗ്ധ മേരി ജോർജുമായുള്ള സംഭാഷണം കേൾക്കാവുന്നതാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**നിയമസഭാ പുസ്തകോത്സവം**

നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായ നിയമസഭാ പുരസ്കാരത്തിന് പ്രശസ്ത സാഹിത്യകാരൻ എൻ. എസ്. മാധവൻ അർഹനായി. ജനുവരി 7ന് നടക്കുന്ന പുസ്തകോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും. ജനുവരി 7 മുതൽ 13 വരെയാണ് നിയമസഭാ പുസ്തകോത്സവം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല (ഇൻട്രോ)**

മകരവിളക്ക് മഹോത്സവത്തിനൊരുങ്ങി ശബരിമല. സന്നിധാനം ഭക്തജനത്തിരക്കിൽ. മകരവിളക്ക് ദിനത്തിലെ വെർച്വൽ ക്യൂ ബുക്കിംഗ് പൂർത്തിയായി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

**(വോയിസ്)**

❋❋❋❋❋❋❋❋❋❋❋❋❋

**മോഹൻലാൽ-അമ്മ**

മോഹൻലാലിൻറെ അമ്മ ശാന്തകുമാരി അമ്മയുടെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരം പൂജപ്പുര മുടവൻമുകളിലെ വീട്ടുവളപ്പിൽ നടക്കും. ഇന്നലെ കൊച്ചിയിലായിരുന്നു അന്ത്യം. 90 വയസ്സായിരുന്നു.

❋❋❋❋❋❋❋❋❋❋❋❋❋

**പി. സി മോഹനൻ നിര്യാണം**

മുതിർന്ന ബി ജെ പി നേതാവ് പി. സി മോഹനൻ നിര്യാതനായി. വയനാട് കോട്ടക്കുന്ന് ശാന്തിനഗർ കോളനിയിലെ വസതിയിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം. 77 വയസായിരുന്നു.

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

**ഗുരുവായൂർ(ഇൻട്രോ)**

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ വൈകുണ്ഠ ഏകാദശി ചടങ്ങുകൾ ആരംഭിച്ചു. ഏകാദശി ശീവേലി രാത്രി 08.15 ന് നടക്കും. രാത്രി 09.15ന് ശ്രീബലി കഴിഞ്ഞ ശേഷം ദർശനം ഉണ്ടായിരിക്കുന്നതാണെന്ന് ക്ഷേത്രം അധികൃതർ അറിയിച്ചു. ഗുരുവായൂരിലും സ്വർഗ്ഗ വാതിൽ ഏകാദശിയോട് അനുബന്ധിച്ച് വിപുലമായ ഒരുക്കങ്ങൾ. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ**

**പ്രതിനിധി ഭരിത പ്രതാപ്.... (വോയിസ്)**

**അർജുൻ എറിഗൈസി**

ദോഹയിൽ നടന്ന FIDE വേൾഡ് ബ്ലിറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ അർജുൻ എറിഗൈസിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. അർജുന്റെ വിജയം യുവാക്കൾക്കാകെ പ്രചോദനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**ഓഹരി +സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 384 പോയിൻറ് ഉയർന്ന് 85,059 ലും നിഫ്റ്റി 135 പോയിൻറ് നേട്ടത്തിൽ 26,074 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് 99,640 രൂപയും ഗ്രാമിന് 12,455 രൂപയുമാണ് ഇന്നത്തെ വില.

RIJU TVPM

RNU TVPM